പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6213 — 31.10.2011-ൽ മറുപടിയ്ക്ക്

കാഞ്ഞങ്ങാട് മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം എത്ര പ്രവൃത്തികളാണ് അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | കാഞ്ഞങ്ങാട് മണ്ഡലം പുതുതായി രൂപീകരിച്ചതാണ്. പഴയ ഹോസ് ദുർഗ് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം 48 പ്രവൃത്തികളാണ് അംഗീകരിച്ചിട്ടുള്ളത്. |
| (ബി) | ഇതിൽ എത്രയെണ്ണം പൂർത്തിയായി എന്നും ഏതെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളതെന്നും വ്യക്തമാക്കാമോ ; | (ബി) | ഇതിൽ 43 പ്രവൃത്തികൾ പൂർത്തിയായി. ഭീമനടി സെക്ഷനിലെ വള്ളിക്കൊച്ചി, ദേവഗിരി, നെല്ലിമല, ഇടമല എന്നി പ്രവൃത്തികളും ചോയ്യംകോട് സെക്ഷനിലെ മൈയ്യങ്ങാനവും ബ്ളാംതോട് സെക്ഷനിലെ ഗടിക്കാൽ പുള്ളിക്കാൽ പ്രദേശം എന്നീ പ്രവൃത്തികളുമാണ് ബാക്കിയുള്ളത്. |
| (സി) | പദ്ധതിയനുസരിച്ച് എം. എൽ. എ. ഫണ്ട്, വൈദ്യുതി ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം എത്രരൂപ വീതമാണെന്ന് വ്യക്തമാക്കാമോ ; | (സി) | എം. എൽ. എ ഫണ്ട് - 66,95,215 രൂപ<br>കെ. എസ്. ഇ. ബി വിഹിതം - 1 കോടി രൂപ<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം - 48,63,595 രൂപ. |
| (ഡി) | ഏതെങ്കിലും ഭാഗത്തുനിന്നുള്ള വിഹിതം അടയ്ക്കുവാൻ വീഴ്ച വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ഡി) | വീഴ്ച വന്നിട്ടുണ്ട്. ബളാൽ ഗ്രാമ പഞ്ചായത്തിൻെറ വിഹിതമായ 32,84,622 രൂപയിൽ 22,48,830/- രൂപ മാത്രമേ അടച്ചിട്ടുള്ളൂ. നീലേശ്വരം പഞ്ചായത്തിൻെറ വിഹി |

തമായ 8,48,973 രൂപയിൽ 8,45,619 രൂപ മാത്രമേ അടച്ചിട്ടുള്ളൂ.

(ഇ) എങ്കിൽ പ്രസ്തുത വീഴ്ച പരിഹരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

(ഇ) 24-09-2011 ന് ചേർന്ന ജില്ലാ വികസന സമിതി യോഗത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് വീഴ്ച വരുത്തിയ വിഹിതം 10 ദിവസത്തിനകം കെ. എസ്. ഇ. ബി. യിൽ അടയ്ക്കാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചിരുന്നു. ഇതുവരെയും വിഹിതം അടച്ചിട്ടില്ല.

തുക അടയ്ക്കുന്ന മുറയ്ക്ക് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകുവാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.